(ബി) അനധികൃത താമസക്കാർ എന്ന പേരിൽ സർക്കാരിൽനിന്നും, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഇവർക്ക് ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ആയതു പരിഹരിക്കുന്നതിന് ഇവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ& ബി) പട്ടികജാതി കോളനികളിലെ പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ കേസുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പട്ടയം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തുവരുന്നുണ്ട്.

പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലങ്ങൾ

263 (4549) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വിവിധ ആവശ്യങ്ങൾക്കായി വകുപ്പ് വാങ്ങിയ സ്ഥലങ്ങൾ എവിടെയെല്ലാം ഉണ്ട്; എത്ര അളവിലുള്ള സ്ഥലങ്ങളാണ് വിവിധ പ്രദേശങ്ങളിൽ ഉള്ളത്;

(ബി) പ്രസ്തുത സ്ഥലങ്ങൾ എന്തെല്ലാം ആവശ്യങ്ങൾക്കായി ആണ് വാങ്ങിയിട്ടുള്ളത്; നിലവിൽ ഈ സ്ഥലങ്ങൾ എന്താവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലങ്ങൾ/കെട്ടിടങ്ങൾ മറ്റ് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക്, എവിടെയെല്ലാമുള്ള സ്ഥലങ്ങളാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

264 (4550) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള പട്ടികജാതി കോളനികൾ ഏതെല്ലാം; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; ഈ കോളനികളിൽ ഓരോന്നിലും പട്ടികജാതി ജനസംഖ്യ എത്ര; കോളനി തിരിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോളനികളിൽ ഓരോന്നിലും ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട്; കോളനി തിരിച്ച് വിശദമാക്കാമോ;

(സി) ഭവനരഹിതരായവരുടെ പേര്, വിലാസം, എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ഡി) ഇവർക്കെല്ലാം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാകുന്നതിന് എന്തെങ്കിലും പാക്കേജ് കൊയിലാണ്ടി മണ്ഡലത്തിന് അനുവദിക്കുമോ;

(ഇ) ഈ കോളനികളിൽ വൈദ്യുതീകരണം നടന്നിട്ടില്ലാത്ത വീടുകൾ എത്ര; കോളനി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ -സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഭവനരഹിതർക്ക് വകുപ്പിൽ നിന്ന് 3 ലക്ഷം രൂപ വീതം ഭവനിർമ്മാണ ധനസഹായം നൽകിവരുന്നുണ്ട്. കൊയിലാണ്ടി മണ്ഡലത്തിനായി പ്രത്യേകം പാക്കേജ് നിലവിൽ പരിഗണനയിലില്ല.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുക

265(4551) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര രൂപയാണ് ബജറ്റിൽ വകകൊള്ളിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര രൂപ ഓരോ വർഷവും പിൻവലിച്ചു; പിൻവലിച്ച തുകയിൽ എത്ര രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു; അക്കൗണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്ത് ആവശ്യത്തിനുവേണ്ടിയാണ് പ്രസ്തുത തുക പിൻവലിച്ചത്; അതിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly